# മണ്ഡരിക്ക് മരുന്നടിക്കുമ്പോൾ മനുഷ്യരേയും ബാധിക്കും

പ്രഫ. ജോൺ സി. ജേക്കബ്

**കേ**രളീയർ വലിയൊരു ആപത്തിനെ സ്വീകരിക്കാൻ പോകയാണ്. തെങ്ങുകൾക്ക് മണ്ഡരിബാധ. പക്ഷേ ഒരു ആപത്ത്. സർക്കാർ തെങ്ങുകൾക്കു മുഴുവൻ കീടനാശിനി അടിക്കാൻ പോകുന്നു!! നവംബറിൽ ഈ പരിപാടിയ്ക്കുള്ള കീടനാശിനികൾ സർക്കാർ നല്കും. തളിക്കേണ്ട ചുമതല ജില്ലാ, ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾക്കാണ്.

കേരളത്തിൽ ജനം ഒരിടത്തും തെങ്ങുകൾ മറ്റൊരിടത്തുമായിരുന്നുവെങ്കിൽ ആപത്ത് ഏറെ വരില്ലായിരുന്നു. പക്ഷേ, ഇവിടെ മനുഷ്യർ തെങ്ങുകൾക്കു കീഴെയാണ് വസിക്കുന്നത്. ഈ നിബിഡമായ പ്രദേശങ്ങൾ തന്നെയാണ് നമ്മുടെ തെങ്ങിൻതോപ്പുകൾ. ഈ തെങ്ങുകളുടെ തലകളിലാണ് വിഷം തളിക്കാൻ പോകുന്നത്. ഒരിക്കൽ അടിച്ച് അവസാനിപ്പിക്കുന്ന പരിപാടിയുമല്ല ഇത്. നമ്മുടെ പോളിയോ പ്രതിരോധ പരിപാടിപോലെ ഇത് അന്തമില്ലാതെ തുടർന്നുപോകും. കേരളത്തിൽ തെങ്ങും മനുഷ്യരും ഇല്ലാതാകുന്നതുവരെയെങ്കിലും.

എന്താണ് സംഭവിക്കുക? വിഷം വായുവിൽ കലരും. മഴവെള്ളത്തിലും മഞ്ഞിൻതുള്ളികളിലും ലയിച്ചുചേർന്ന് തെങ്ങിൻതലകളിൽനിന്ന് ഭൂമിയിലേക്കുവരും. നമ്മുടെ കുടിവെള്ളം കിണറുകളിലാണ്. ആ ജലം വിഷലിപ്തമാകും. വിഷംകലർന്ന ജലം ഭൂമിയിലൂടെ ആഴ്ന്നിറങ്ങി ഉറവകളായി കിണറുകളിൽ എത്തുമെന്നതുകൊണ്ട് കിണറുകൾ മൂടിയിട്ട് കാര്യമില്ല.

വിഷം നമ്മുടെ വാഴയിലും ചേനയിലും വെണ്ടയിലും ചേമ്പിലും എത്തും. കാരണം തെങ്ങുകൾക്കിടയിലാണ് നമ്മുടെ പച്ചക്കറികളും പഴങ്ങളും ഉണ്ടാകുന്നത്. അങ്ങനെ നമ്മുടെയുള്ളിൽ വെള്ളത്തിലൂടെയും വായുവിലൂടെയും ആഹാരത്തിലൂടെയും വിഷം സംഭരിക്കപ്പെടും. കേരളമൊട്ടാകെ കണക്കിലെടുക്കുമ്പോൾ നൂറായിരം മാവൂരുകളാവും സൃഷ്ടിക്കപ്പെടുന്നത്.

നമ്മുടെ പറമ്പുകളിൽ മണ്ണു സംരക്ഷിക്കുകയും സമ്പുഷ്ടമാക്കുകയും ചെയ്യുന്ന ബാക്ടീരിയകൾ, പൂപ്പൽ സസ്യങ്ങൾ, പ്രോട്ടോസോവകൾ, ഷഡ്പദ ലാർവകൾ, മണ്ണിൽ ഇവയെല്ലാം ചത്തൊടുങ്ങും. മണ്ണു മരിക്കും, ഇനിയൊരിക്കലും പുനർജീവിക്കാത്ത വിധം. മണ്ണു മരിച്ചാൽ ജീവനും ഇല്ലാതാകും.

നമ്മുടെ കാർഷികവിളകളെ സംരക്ഷിക്കുന്ന ചെറുജീവികളുടെ ഒരു വൻനിര തന്നെ നമ്മുടെ തൊടികളിലുണ്ട്. ചിലന്തികൾ, ഷഡ്പദങ്ങൾ, ഓന്തുകൾ, പല്ലികൾ, അരണകൾ, തവളകൾ, പക്ഷികൾ ഇവയെല്ലാം ചത്തൊടുങ്ങും. കീടങ്ങളാകട്ടെ കീടനാശികളോട് പ്രതിരോധം ഉൾക്കൊണ്ട് വർധിക്കുകയും ചെയ്യും. മണ്ഡരികൾ ഉൾപ്പെടെ.

പൂമ്പാറ്റകളും തുമ്പികളുമില്ലാത്ത തവളുകളെയും മണ്ണട്ടകളുടെയും ചീവീടുകളെയും പക്ഷികളുടെയും പാട്ടില്ലാത്ത കേരളം എങ്ങനെയുണ്ടാവും?



ഫോട്ടോ: പി.വി. പത്മനാഭൻ

എന്തെങ്കിലും ചെയ്തേ പറ്റു: വേഗമാകട്ടെ. അല്ലെങ്കിൽ വൈകിപ്പോകും. വൻകിട കമ്പനികളുടെ കെട്ടിക്കിടക്കുന്ന മാരകവിഷങ്ങൾ ചെലവാക്കി അതിലൂടെ കിട്ടുന്ന കൊള്ളലാഭത്തിന്റെ പങ്ക് സ്വന്തം പോക്കറ്റിലാക്കാനുള്ള ഒരു ശ്രമമല്ലേ ഈ വിഷം തളിക്കൽ?